**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 711

30..06..2011 -ൽ
മറുപടിയ്ക്ക്.

## പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെ പിന്നോക്കാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീമതി. കെ. കെ. ലതിക | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെ പിന്നോക്കാവസ്ഥ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് 10, 11 പദ്ധതിക്കാലത്ത് പുതിയ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ ഒന്നും ആരംഭിച്ചിട്ടില്ല. അവസാനമായി 9-ാം പദ്ധതിക്കാലത്ത് ഇടുക്കി, വയനാട്, കോഴിക്കോട്, ബാർട്ടൻ ഹിൽ (തിരുവനന്തപുരം), ശ്രീകൃഷ്ണപുരം (പാലക്കാട്) എന്നിവിടങ്ങളിലായി ആരംഭിച്ച എഞ്ചിനീയറിംഗ് കോളേജുകളിൽ അവശ്യം വേണ്ടതായ എല്ലാ ഭൗതിക സാഹചര്യങ്ങളും നിലവിലുണ്ട്. സ്വകാര്യ സ്വാശ്രയ എഞ്ചിനീയ-റിംഗ് കോളേജുകളുടെ പിന്നോക്കാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ക്ലാസ്റൂം, ലബോറട്ടറി, ഹോസ്റ്റലുകൾ ലൈബ്രറി, തുടങ്ങിയവയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; | (ബി) സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ കൂടുതൽ വികസന പ്രവർത്തന ങ്ങളുടെ ഭാഗമായി നിരവധി വർക്കുകൾക്ക് ഭരണാനുമതി നൽകുകയും ആ വർക്കുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. |

*(തുടർച്ച .........പേജ് 2/-)*

| | |
|---|---|
| (സി) നബാർഡ് സഹായത്തോടെ പുതിയ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിനായി സർക്കാർ തയ്യാറാക്കിയ വിശദമായ പദ്ധതി റിപ്പോർട്ട് നബാർഡിന് സമർപ്പിച്ചി-ട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) നബാർഡ് ധനസഹായത്തിനായി പുതിയ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ വികസനത്തിന് വിശദമായ പദ്ധതി റിപ്പോർട്ട് നബാർഡിന് സമർപ്പിച്ചിരുന്നു. അതനുസരിച്ച് താഴെ വിവരിക്കുന്ന പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br>(1) ജി.ഒ.(ആർടി) നമ്പർ 1996/09/H.Edn. തീയതി 26-11-2009 പ്രകാരം ഇടുക്കി ഗവൺമെന്റ് എഞ്ചിനീയ-റിംഗ് കോളേജിന് 527 ലക്ഷം രൂപയും വയനാട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് 481 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.<br>(2) ജി.ഒ.(ആർടി) നമ്പർ 2177/10/H.Edn. തീയതി 10-11-2010 പ്രകാരം ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജിന് 390 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ